# നാല് വർഷ ബിരുദം: മൂന്നാം വർഷത്തിൽ പൂര്ത്തിയാക്കണോ ?

**Dr Achuthsankar,** Vice-Chairman, KSHEC




നാല് വർഷ ബിരുദ പ്രോഗ്രാമുകൾ 2023 മുതൽ കേരളത്തിൽ നടന്നു വരികയാണ്. നടപ്പ് അധ്യയനവർഷം പൂർത്തിയാകുമ്പോഴേക്കും (2027 മാർച്ചിൽ), ഈ പ്രോഗ്രാമിൽ പഠിക്കുന്ന മൂന്നാം വർഷ വിദ്യാർത്ഥികൾക്ക്  ഒരു സുപ്രധാന അക്കാദമിക് തീരുമാനം എടുക്കേണ്ടിവരും -- മൂന്ന് വർഷത്തെ ബിരുദത്തോടെ പ്രോഗ്രാം പൂർത്തിയാക്കണോ, അതോ നാലാം വര്ഷത്തിലേയ്ക്ക് കടന്ന് ഹോണെർസ്  ബിരുദം പൂർത്തിയാക്കണോ ?  വിദ്യാത്ഥികളുടെ തൊഴിൽ സ്വപ്നങ്ങൾ, വിദേശപഠനം ഉൾപ്പെടെയുള്ള തുടർപഠനം/ഗവേഷണം, സംരംഭകത്വം തുടങ്ങിയ  ഭാവി സാധ്യതകളെ സ്വാധീനിക്കുന്ന ഒരു തീരുമാനമാണിത്.

നിലവിലുള്ള FYUGP പദ്ധതി ഓരോ വിദ്യാർത്ഥിക്കും തന്റെ അഭിരുചികൾക്കും കഴിവുകൾക്കും ഭാവി ലക്ഷ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ പഠനം തിരഞ്ഞെടുക്കാനും ക്രമീകരിക്കാനും സ്വാതന്ത്ര്യം നൽകുന്നതാണ്.  പഴയ ഡിഗ്രി

പ്രോഗ്രാമുകൾ ഒരു പരമ്പരാഗത കല്യാണ സദ്യ പോലെയായിരുന്നു. എല്ലാവർക്കും ഒരേ വിഭവങ്ങൾ, ഒരേ ക്രമത്തിൽ, നിശ്ചിത രീതിയിൽ വിളമ്പുന്ന ഒരു സംവിധാനം. കോളേജും സർവകലാശാലയും മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ ആണ് ഉന്നത വിദ്യാഭ്യാസം "വിളമ്പി"യിരുന്നത്. വിദ്യാർത്ഥികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും ഭാവി ലക്ഷ്യങ്ങൾക്കും അനുസരിച്ച് ഓരോ വിദ്യാർത്ഥിക്കും മാറ്റങ്ങൾ വരുത്താനുള്ള അവസരം കുറവായിരുന്നു. എന്നാൽ പുതിയ സംവിധാനം ഒരു "ബുഫേ" ശൈലിയിലുള്ള സദ്യ പോലെയാണ്. പലതരം വിഭവങ്ങൾ മുന്നിൽ ഒരുക്കിവെച്ചിരിക്കുന്നു. ഓരോരുത്തർക്കും തങ്ങൾക്ക് ആവശ്യമുള്ളതും ഇഷ്ടമുള്ളതുമായ വിഭവങ്ങൾ തിരഞ്ഞെടുക്കാം. അതായത് ഓരോ വിദ്യാർത്ഥിക്കും ഡിഗ്രി പ്രോഗ്രാം "കസ്റ്റമൈസ്" ചെയ്യാം. എന്നാൽ പുതിയ സംവിധാനത്തിൽ വിദ്യാർത്ഥിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം വിദ്യാർത്ഥിയുടെ ഉത്തരവാദിത്വവും, ചിലപ്പോഴൊക്കെ, ചിന്താകുഴപ്പവും വർധിപ്പിക്കുന്നുമുണ്ട്. അതിന്റെ ഭാഗമാണ് നാലാം വർഷത്തിലേയ്ക്ക് തുടരണോ എന്ന ചോദ്യം.

## മൂന്ന് വർഷമോ നാലു വർഷമോ?

ആദ്യം തന്നെ പറയട്ടെ, ഒരു വർഷം അധികമായി പഠിക്കുന്നതിലൂടെ കൂടുതൽ അറിവും സ്കില്ലും നേടുകയും തൊഴിൽ സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നു എന്ന് പൊതുവിൽ പറയാം. എന്നാൽ അവരവരുടെ ഭാവി ലക്ഷ്യത്തിന് മതിയാകുന്ന പഠനം മൂന്നാം വർഷം കൊണ്ട് പൂർത്തിയായി എന്ന് ബോധ്യപ്പെട്ടവർക്ക് സ്വീകരിക്കാവുന്ന പൂർണമായ ബിരുദം ആണ് 3-വർഷ ഡിഗ്രി. അത് പഠനം പാതി വഴിയിൽ ഉപേക്ഷിക്കൽ അല്ല.

ഒരു വിദ്യാർത്ഥി ബിരുദം കഴിഞ്ഞാൽ എന്തായിരിക്കും ലക്ഷ്യമിടുക ? തൊഴിൽ അല്ലെങ്കിൽ "കൂടുതൽ പഠിച്ച ശേഷം കൂടുതൽ മികച്ച തൊഴിൽ" എന്നായിരിക്കും പൊതുവിൽ നമുക്ക് പറയാവുന്നത്. ഓരോ തൊഴിലിനും ഏതു ഡിഗ്രി ആണ് അനുയോജ്യമെന്ന് പരിശോധിക്കണം. ചില സൂചനകൾ ഇതാ.

## 3-വർഷ സാദ്ധ്യതകൾ

3-വർഷ ഡിഗ്രിയുടെ സാദ്ധ്യതകൾ ആദ്യം പറയാം. പി.എസ്.സി., യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകൾ വഴി നിയമനം നടത്തുന്ന, ബിരുദം മാത്രം യോഗ്യതയായി ആവശ്യപ്പെടുന്ന അനേകം തസ്തികകൾ ഉണ്ട്. ഇതിനു 3-വർഷ ബിരുദം മതിയാകും.

3-വർഷ ബിരുദത്തിനു ശേഷം നിലവിലെ BEd കൂടി കഴിഞ്ഞാൽ സ്കൂൾ അധ്യാപക ജോലിയ്ക്ക് ശ്രമിക്കാം (സമീപ ഭാവിയിൽ ഒരു വർഷ BEd ലഭ്യമാകും) 3-വർഷ LLB പോലുള്ള ഉപരിപഠനത്തിനും, CAT, CMAT എന്നിവ വഴി ഉള്ള MBA പഠനത്തിനും സഹകരണ

സ്ഥാപനങ്ങളിലെ ജോലിയ്ക്ക് ആവശ്യമായ HDC ഡിപ്ലോമയ്ക്കും, Bank/ Insurance ഓഫീസർ തസ്തികകൾക്കും ഡിഫെൻസ് സെർവീസിലും 3-വർഷ ബിരുദം മതി (എയർഫോഴ്സിലും നേവിയിലും ഫിസിക്സ്, മാത്തമാറ്റിക്സ് ഡിഗ്രിയും ആർമിയിൽ ഏതുവിഷയത്തിലുമുള്ള ഡിഗ്രിയുമാണ് ആവശ്യം). കോളേജുകളിൽ ലഭ്യമല്ലാത്ത കോഴ്സുകളും പരീക്ഷകളും ലക്ഷ്യമിടുന്നവർക്കും 3-വർഷ ബിരുദം മതിയാകും -- ചാർട്ടേഡ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറിഷിപ്പ്, കോസ്റ്റ് അക്കൗണ്ടൻസി എന്നിവയിലെ പ്രൊഫഷണൽ പഠനം, IT രംഗത്ത് മൾട്ടി-നാഷണൽ കമ്പനികളുടെ സർട്ടിഫിക്കേഷൻ തുടങ്ങിയവ. കമ്പനികളിലോ ബിസിനസ് സ്ഥാപനങ്ങളിലോ താഴെക്കിടയിലുള്ള തൊഴിൽ നേടാനും 3-വർഷ ബിരുദം മാത്രം മതിയായേക്കാം. ഗവേഷണ-കോളേജ് അധ്യാപന താല്പര്യങ്ങൾക്ക് Honours with Research Degree ആണ് അനുയോജ്യമെങ്കിലും, 3-വർഷ ബിരുദക്കാർക്ക് അത് നിഷിദ്ധമല്ല. പുതുതായി രൂപകല്പനചെയ്ത് 2027 മുതൽ നിലവിൽ വരുന്ന 2-വർഷ മാസ്റ്റേഴ്സ് നേടി അവർക്ക് പരമ്പരാഗത രീതിയിൽ PhD നേടാം.

## 4-വർഷ സാദ്ധ്യതകൾ

മൂന്നാം വർഷം 133 ക്രെഡിറ്റ് (ചില സർവകലാശാലകളിൽ ഈ നിബന്ധന ഇല്ല) നേടുകയും, എല്ലാ കോഴ്സും പാസാകുകയും ചെയ്തവർക്ക് നാലാം വർഷത്തിലേയ്ക്ക് കടക്കാം. Honours Degree അല്ലെങ്കിൽ Honours with Research Degree എന്നിങ്ങനെ രണ്ട് അക്കാദമിക് പാതകൾ തിരഞ്ഞെടുക്കാം. Honours Degree സ്കിൽ വികസനത്തിനാണ് പ്രാധാന്യം നൽകുന്നത്. Honours with Research ആകട്ടെ ഗവേഷണവും അധ്യയനവും ലക്ഷ്യമാക്കി ഉള്ള ഡിഗ്രിയാണ്. Honours with Research Degreeയിൽ പ്രവേശനം ലഭിക്കാൻ മൂന്നാം വർഷം വരെയുള്ള പഠനത്തിൽ 75 ശതമാനം മാർക്ക് നേടണം എന്ന കടമ്പയുണ്ട്. IAS, IPS, IFS, KAS എന്നിവ നേടാൻ ആഗ്രഹിക്കുന്നവർക്ക് 3-വർഷ ബിരുദം മതിയാകുമെങ്കിലും 4-വർഷ Honours ബിരുദമാണ് കുറച്ച് കൂടി അനുയോജ്യം (മാസ്റ്റേഴ്സ് കൂടി ആകാം). ഗവേഷണം, കോളേജ് അധ്യാപനം, എന്നിവ ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് Honours with Research ഉചിതമാണ്. 4-വർഷ Honours with Research നേടിക്കഴിഞ്ഞാൽ നേരിട്ട് PhD ഗവേഷണത്തിനു വഴി തുറക്കും. JRF പരീക്ഷ പാസ്സായാൽ മികച്ച ഫെലോഷിപ്പോടെ തന്നെ ഗവേഷണം തുടരാം (PhD ഉള്ള Honours with Research ബിരുദധാരികൾക്ക് മാസ്റ്റേഴ്സ് ഇല്ലാതെ തന്നെ അധ്യാപക ജോലി ലഭിക്കുന്ന സംവിധാനം നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്). റിസർച്ച് അല്ലാത്ത Honours Degreeക്കാർക്ക് ഗവേഷണത്തിലേക്ക് പോകണമെന്ന് തോന്നിയാൽ ഒരു വർഷ മാസ്റ്റേഴ്സിന് ശേഷം ഗവേഷണ പ്രവേശന പരീക്ഷ എഴുതാൻ കഴിയും. വിദേശത്ത് ഉപരിപഠനത്തിനു പോകാനും അവിടെ തൊഴിൽ അവസരങ്ങൾ തേടാനും 4-വർഷ ബിരുദം അഭികാമ്യമാണ്. ബഹുഭൂരിപക്ഷം അന്യസംസ്ഥാനങ്ങളിലും ഉപരിപഠനം തുടരുന്നതിനും 4-വർഷ ബിരുദമായിരിക്കാം അനുയോജ്യം. R&D കമ്പനികളും നാല് വർഷ

ബിരുദത്തിന് ആയിരിക്കാം മുൻഗണന നൽകുക. ചിലർ സ്വന്തം സംരംഭം ആരംഭിച്ച് അവരവർക്കും മറ്റുള്ളവർക്കും തൊഴിൽ കണ്ടെത്തിയേക്കാം. അതിനാവശ്യമുള്ള നൈപുണ്യങ്ങൾ നേടുന്നതിന് അനുയോജ്യമായി 3-വർഷമോ 4-വർഷമോ തിരഞ്ഞെടുക്കാം.

റെക്കഗ്നിഷനും എലിജിബിലിറ്റിയും

ഇതുവരെ പരിചയമില്ലാത്ത രീതിയിൽ മേജർ, ഡബിൾ മേജർ, ഡബിൾ മൈനർ എന്നൊക്കെയുള്ള വിശേഷണങ്ങളോടു കൂടിയാണ് പുതിയ ഡിഗ്രികൾ വിദ്യാർത്ഥികൾക്ക് ലഭിക്കുക. ഈ പുതിയ ശൈലിയിലുള്ള ഡിഗ്രികൾക്ക് ജോലിയിലും ഉന്നത വിദ്യാഭ്യാസത്തിലും വേണ്ടുന്ന റെക്കഗ്നിഷനും എലിജിബിലിറ്റിയും ഉണ്ടാകുമോ എന്ന സംശയം ഉയരുന്നുണ്ട്. ഡിഗ്രി തലത്തിൽ മേജറായോ മൈനറായോ പഠിച്ച ഏതു വിഷയത്തിലും മാസ്റ്റേഴ്സിന് പോകാനാകും. ജോലികളിലെ യോഗ്യതാ നിർവചനത്തിൽ പുതിയ ഡിഗ്രികളെ ഉൾപെടുത്താൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമഗ്രമായിട്ടുള്ള നടപടികൾ രൂപകൽപന ചെയ്തുകൊണ്ടിരിക്കുകയാണ്.

ന്യൂ നോർമൽ

മേൽപ്പറഞ്ഞ സാദ്ധ്യതകൾ ഓരോ വിദ്യാർത്ഥിയും പരിശോധിച്ച് അവരുടെ ലക്ഷ്യങ്ങൾ തീരുമാനിച്ച് അതിനെ ആശ്രയിച്ചായിരിക്കണം മൂന്ന് വർഷത്തിന് ശേഷമുള്ള തുടർച്ച തീരുമാനിക്കേണ്ടത്. കൂടുതൽ പേരെടുക്കുന്ന തീരുമാനത്തിന് പുറകെ പോകാനുള്ള പ്രവണതയിൽ വഴുതി വീഴാതിരിക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കണം.

FYUGP ആദ്യമായി നടപ്പിലാക്കുന്ന ഘട്ടത്തിലായതിനാൽ, അത് പൂർണമായും ഒരു "ബുഫെ"യുടെ രൂപത്തിൽ ആയി കഴിഞ്ഞിട്ടില്ല. അധ്യാപക വർക്ക് ലോഡും മറ്റു പല നിയമങ്ങളും സംവിധാനങ്ങളും വഴക്കമില്ലാതെ തുടരുമ്പോൾ ഡിഗ്രിയെ ഓരോ വിദ്യാർത്ഥിയും "ഹൈപ്പർ-പേഴ്സണലൈസ്" ചെയ്യുന്നതിലെ വെല്ലുവിളി വലുതാണ്. എന്നാൽ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും ഈ ഘടന സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇതൊരു "ന്യൂ നോർമൽ" ആയിക്കഴിഞ്ഞു എന്ന് എല്ലാവരും തിരിച്ചറിയണം.

# Four-Year Degree: Exit or Stay after the Third Year?

Dr Achuthsankar, Vice-Chairman, KSHEC




Four-year undergraduate programmes have been in operation in Kerala since 2023. By the end of the current academic year (March 2027), students in the third year of these programmes will have to make an important academic decision: should they complete their studies with a three-year degree, or proceed to the fourth year and earn an Honours degree? This decision will have a bearing on their future prospects, including career opportunities, higher studies and research (including studies abroad), and entrepreneurship.

## From a Sadya to Buffet

The existing FYUGP framework gives every student the freedom to choose and organise their studies in ways that suit their interests, abilities and future goals. The old degree programmes were like a traditional Kerala *kalyana sadya* (wedding feast), where everyone was served the same dishes, in the same order, according to a fixed arrangement. Higher education was "served" to students in a format predetermined by

colleges and universities. There was little scope for individual students to make changes according to their own interests, abilities and future aspirations.

The new system, however, is more like a buffet-style feast. A variety of dishes are laid out, and everyone is free to choose what they need and enjoy. In other words, each student can customise their degree programme. But the freedom offered by the new system also increases the student's responsibility and, at times, the possibility of confusion. The question of whether to continue into the fourth year is one manifestation of this challenge.

### 3-year or 4-year ?

Let me state at the outset that an additional year of study can generally be expected to provide greater knowledge and skills and improve employment prospects. However, the three-year degree is a complete and valid qualification for those who are convinced that they have acquired the education necessary to pursue their future goals within three years. It should not be viewed as abandoning one's studies halfway through.

What does a student generally aspire to do after graduation? Broadly speaking, the options are to seek employment or to pursue further studies in the hope of securing better employment later. The suitability of different degrees for different careers needs to be examined. Here are some pointers.

### The 3-year Option:

Let us first consider the opportunities available to holders of a three-year degree. Numerous posts recruited through examinations conducted by the Kerala Public Service Commission (PSC), the Union Public Service Commission (UPSC), the Staff Selection Commission (SSC) and similar bodies require only a bachelor's degree. A three-year degree is sufficient for these positions. After completing a three-year degree, students can pursue the existing B.Ed. qualification and seek school-teaching positions (A one-year B.Ed. programme is expected to become available in the near future). A three-year degree is also sufficient for certain further-study options, such as MBA programmes through CAT, MAT, a three-year LLB, and the HDC diploma required for employment in cooperative institutions. It also meets the educational requirements for officer-level positions in banks and insurance companies, as well as for certain positions in the defence services. (For the Air Force and Navy, degrees in Physics and Mathematics are required, while the Army accepts a degree in any discipline.)

A three-year degree will also suffice for students who wish to pursue courses and examinations not generally available through colleges, such as professional qualifications in Chartered Accountancy, Company Secretaryship and Cost Accountancy, or certification programmes offered by multinational companies in the IT

sector. A bachelor's degree may also be sufficient for entry-level employment in companies and business establishments.

Although an Honours with Research degree is more suitable for those aspiring to research careers or college teaching, a three-year degree does not rule out these possibilities. Students can pursue the newly designed two-year Master's programmes, which are scheduled to come into effect from 2027, and subsequently enter PhD programmes through the conventional route.

## The 4-year Pathways

Students who have earned 133 credits (some Universities have relaxation) by the end of the third year and passed all their courses are eligible to proceed to the fourth year. They can choose between two academic pathways: the Honours degree and the Honours with Research degree. The Honours degree places greater emphasis on skill development, whereas the Honours with Research degree is designed for students aspiring to careers in research and teaching. Admission to the Honours with Research pathway requires students to have secured at least 75 per cent marks in their studies up to the third year.

A three-year degree is sufficient for those aspiring to enter the civil services, including the IAS, IPS, IFS and KAS. However, a four-year Honours degree, possibly followed by a Master's degree, may be more suitable for these aspirations.

Students aiming for research or college teaching would find the Honours with Research pathway appropriate. Completing a four-year Honours with Research degree opens the door to direct entry into PhD research. Those who qualify in the Junior Research Fellowship (JRF) examination can pursue research with a substantial fellowship. A system under which holders of an Honours with Research degree and a PhD can obtain teaching positions without an additional Master's degree is also being introduced.

Students who complete a non-research Honours degree and subsequently decide to pursue research can do so after completing a one-year Master's programme and qualifying in the relevant research entrance examination.

A four-year degree is generally preferable for students planning to pursue higher education abroad and explore employment opportunities there. It may also be more suitable for postgraduate studies in most other Indian states. Research and Development (R&D) companies may likewise give preference to candidates with a four-year degree.

Some students may choose to establish their own enterprises, creating employment for themselves and others. Depending on the skills they need to acquire for this purpose, they can opt for either a three-year or a four-year degree.

## Recognition and Eligibility

Students will now receive degrees with unfamiliar designations such as Major, Double Major and Double Minor. Questions have been raised about whether these new types of degrees will receive the necessary recognition and meet eligibility requirements for employment and higher education. Students can pursue Master's programmes in any subject they have studied as a Major or Minor at the undergraduate level. The Kerala State Higher Education Council is working on comprehensive reform to ensure that the new degree structures are recognised in the eligibility criteria specified for various jobs.

## Linking Decision to Dreams.

Students should examine these possibilities carefully, identify their own goals, and make their decision about continuing beyond the third year accordingly. They should resist the temptation to follow the majority simply because a particular option is chosen by more students.

Since FYUGP is still in its initial stages of implementation, it has not yet evolved into a fully developed “buffet” system. As long as constraints such as teachers' workload and various other rules and institutional arrangements continue without sufficient flexibility, the challenges involved in allowing every student to “hyper-personalise” their degree remain considerable. Nevertheless, most states have already adopted this broad structure. Everyone must recognise that this has become the “new normal” in higher education.